## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2886

2.4.2013 ൽ
മറുപടിയ്ക്ക്

### നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :<br>ശ്രീമതി. കെ.കെ.ലതിക :<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ):<br>ശ്രീ. കെ.വി. വിജയദാസ് : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>ഉപഭോക്തൃ സംരക്ഷണവും<br>രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാനായി സർക്കാർ സ്വീകരിച്ച നടപടികൾ എത്രമാത്രം ഫലം കണ്ടു എന്ന് പരിശോധിച്ചിട്ടുണ്ടോ ; | എ) പെട്രോൾ/ ഡീസൽ വിലവർദ്ധനവ്, കയറ്റിറക്ക് കൂലിച്ചെലവ് വർദ്ധന, നികുതിയിനങ്ങളിലുണ്ടാകുന്ന വർദ്ധനവ് തുടങ്ങിയവ ഭക്ഷ്യധാന്യങ്ങളുടെ വിലയിലും ആനുപാതികമായ വർദ്ധനവ് ഉണ്ടാക്കുന്നുണ്ടെങ്കിലും സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടൽ നിമിത്തം വിലവർദ്ധനവ് ഒരു പരിധിവരെ പിടിച്ചുനിർത്താൻ കഴിഞ്ഞിട്ടുണ്ട്. |
| ബി) കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | ബി) കരിഞ്ചന്ത, പൂഴ്ത്തിവയ്പ് മുതലായവ തടയുന്നതിന്റെ ഭാഗമായി സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ എ.ആർ.ഡി/ എ.ഡബ്ല്യൂ.ഡികൾ നിരന്തരം പരിശോധിക്കുകയും ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ എഫ്.സി.ഐ യിൽ നിന്നും സാധനങ്ങൾ വിട്ടെടുക്കുന്ന സമയം റേഷനിംഗ് ഇൻസ്പെക്ടർമാരെ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചു വരുന്നു. റേഷൻസാധനങ്ങൾ കയറ്റിക്കൊണ്ടുപോകുന്ന വാഹനത്തിൽ നിർദ്ദിഷ്ട മാതൃകയിലുള്ള സ്റ്റിക്കർ പതിക്കാറുണ്ട്. കരിഞ്ചന്തയും, പൂഴ്ത്തിവയ്പും നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ച് അവശ്യ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും അവശ്യസാധനങ്ങളുടെ സ്റ്റോറേജ്, വിപണനം എന്നിവയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും സ്റ്റോക്ക് പരിധി നിശ്ചയിച്ച് നടപ്പാക്കി വരികയും ചെയ്യുന്നു. ജില്ല/ താലൂക്ക് / സംസ്ഥാനതലങ്ങളിൽ പരിശോധനകൾ നടത്തുകയും പിടിച്ചെടുക്കുന്ന ഭക്ഷ്യധാന്യങ്ങൾ പൊതുവിതരണശൃംഖല വഴി വിതരണം നടത്തി വിറ്റുവരവ് സംഖ്യ |

| | | |
|---|---|---|
| | | റവന്യൂ ഡിപ്പോസിറ്റിൽ സൂക്ഷിക്കുകയും കേസുകൾ തീർപ്പാകുന്ന സമയത്ത് ജില്ലാ കളക്ടറുടെ അന്തിമ തീരുമാനത്തിനനു സരിച്ച് തുടർനടപടികൾ സ്വീകരിക്കുക യും ചെയ്യുന്നു. |
| സി) | ഇതിനായി നടത്തുന്ന റെയ്ഡുകൾ ഫലവത്താകുന്നില്ലെന്ന ആരോ പണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ റേഷൻകട കളിലും ഹോൾസെയിൽ കടകളിലുമായി 158007 റെയ്ഡുകൾ നടത്തുകയും 38332 കേസുകൾ കെ.ആർ.ഒ പ്രകാരം ഡിപ്പാർട്ട് മെന്റിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തി ട്ടുണ്ട്. കൂടാതെ പൊതുവിപണിയിൽ 42728 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ